ആത്മകഥ

ഒ.പി അബ്ദുസ്സലാം മൗലവി/ പുത്തൂർ ഇബ്രാഹീം കുട്ടി



ഓർമയുടെ തീരങ്ങളിൽ–4

# പാഠപുസ്തകത്തിലെ ക്രൂരമുഹമ്മദർ

**സാമ്പിയ** ഇസ്‌ലാമിക് ഓർഗനൈസേഷൻ രൂപീകരിച്ചതിനു ശേഷം മദ്റസാ നിർമാണത്തിനും പാവപ്പെട്ട മുസ്‌ലിംകളെ സംരക്ഷിക്കുന്നതിനും മറ്റു ജനോപകാര പ്രവർത്തനങ്ങൾക്കുമായി ഒരു സംഖ്യ റാബിത്വ അയച്ചു തന്നിരുന്നു. സാമ്പിയയിലെ മുസ്‌ലിം പ്രതിനിധികളുമായി കൂടിയാലോചിച്ചും റാബിത്വയുടെ അംഗീകാരത്തോടുകൂടിയും ലുസാക്ക, ലുണ്ടാസി, ന്തോല, മക്കേനി തുടങ്ങിയ കേന്ദ്രങ്ങളിൽ മദ്റസകൾ സ്ഥാപിക്കുകയും ചില സാമൂഹിക പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ഗുജറാത്തിൽനിന്ന് കുടിയേറിത്താമസിച്ച ഇസ്മാഈൽ പട്ടേൽ, അഹ്മദ് പാണ്ടൂർ, ഇസ്മാഈൽ റാവത്ത് എന്നിവരും ഈ നിർമാണ പ്രവർത്തനങ്ങളിൽ പങ്കാളികളായിരുന്നു. പക്ഷേ, ഈ മൂന്ന് ആളുകൾക്കെതിരെ, റാബിത്വയുടെ പണം അവിഹിതമായി കൈകാര്യം ചെയ്തെന്ന് ആരോപിച്ച് ഏതാനും ആളുകൾ പ്രശ്നമുണ്ടാക്കി. സത്യാവസ്ഥ രേഖാമൂലം തെളിയിച്ചു കൊടുത്തിട്ടും അവർ തൃപ്തരായില്ല. എന്നു മാത്രമല്ല സൗത്ത് ആഫ്രിക്കയിൽനിന്ന് പ്രസിദ്ധീകരിക്കുന്ന 'മുസ്‌ലിം ഡൈജസ്റ്റി'ൽ വാർത്ത വരികയും ചെയ്തു.

കുറച്ചു ദിവസം കഴിഞ്ഞ് ലുസാക്കയിലെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം തലവൻ ഇൻകുവേനിയുടെ ഫോൺവന്നു. പാസ്പോർട്ട്, റസിഡൻഷ്യൽ പെർമിറ്റ്, പാസ്ബുക്ക് തുടങ്ങിയ രേഖകളുമായി ഓഫീസിൽ ഹാജരാവാനായിരുന്നു നിർദേശം. ഞാൻ അന്നുവരെയുള്ള വ്യവസ്ഥാപിതമായി സൂക്ഷിച്ചുവെച്ച വരവു ചെലവു കണക്കുകളും ബാങ്ക് അക്കൗണ്ട് വിവരങ്ങളും ആവശ്യപ്പെട്ട മറ്റു രേഖകളും അദ്ദേഹത്തിന് സമർപ്പിച്ചു.

രേഖകൾ പരിശോധിച്ച ശേഷം പ്രശ്നങ്ങളൊന്നുമില്ലെന്നും, രണ്ടു കക്ഷികൾ തമ്മിലുള്ള പിടിവാശിയിൽ നിങ്ങളുടെ നിലപാട് പരിശോധിക്കുക മാത്രമാണ് ചെയ്തതെന്നും പറഞ്ഞ ഇൻകുവേനി വിഷമിപ്പിച്ചതിൽ ക്ഷമാപണം നടത്തുകയും ചെയ്തു.

പക്ഷേ, പ്രശ്നം അവിടം കൊണ്ടവസാനിച്ചില്ല. പട്ടേലും പാണ്ടൂരും റാവത്തും കോടതിയെ സമീപിച്ചു. ദുരാരോപണം നടത്തി മാനഹാനിയുണ്ടാക്കിയതിന് പത്തുലക്ഷം ഡോളർവീതം നഷ്ടപരിഹാരം നൽകുകയോ പരസ്യമായി മാപ്പുപറയുകയോ വേണമെന്നായി അവരുടെ ആവശ്യം. ഒടുവിൽ എതിർകക്ഷി പരസ്യമായി മാപ്പപേക്ഷിച്ചതോടെ ആ നാടകത്തിന് തിരശ്ശീല വീണു.

### പ്രബോധനം

ഏഴുവർഷം നീണ്ട ആഫ്രിക്കൻ ജീവിതത്തിനിടയിൽ ധാരാളം അമുസ്‌ലിം സഹോദരങ്ങളുമായി ബന്ധപ്പെടാൻ കഴിഞ്ഞു. സാമ്പിയ കൂടാതെ മലാവി റിപ്പബ്ലിക്കും ബോട്സ്വാനയും പ്രവർത്തന മേഖലകളായിരുന്നു. ഇവിടങ്ങളിലെല്ലാം അമുസ്‌ലിം സുഹൃത്തുക്കളുമായും കുടുംബങ്ങളുമായും നിരന്തര ബന്ധങ്ങൾ സ്ഥാപിക്കാൻ ശ്രമിച്ചിട്ടുണ്ട്. അതിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞ വസ്തുത, അവർ ഇസ്‌ലാമിനെക്കുറിച്ചും അതിന്റെ പൈതൃകത്തെക്കുറിച്ചും തികഞ്ഞ അജ്ഞതയിലും കടുത്ത തെറ്റിദ്ധാരണയിലുമാണെന്നാണ്.

എന്നിരുന്നാലും ആഫ്രിക്കയിൽ ഇന്ത്യയെപ്പോലെ വർഗീയതയോ മതപക്ഷപാതിത്വമോ ഇല്ല. അതുകൊണ്ട് ഇസ്‌ലാമിക പ്രവർത്തനത്തിന് വളക്കൂറുള്ള മണ്ണാണ്. സാമ്പിയയിലെ മകേനി, ന്തോല, സിക്സമയിൽ പോലെയുള്ള പ്രദേശങ്ങളിൽ ധാരാളംപേർ ഇസ്‌ലാം ആശ്ലേഷിച്ചിട്ടുണ്ട്. മലാവി റിപ്പബ്ലിക്കിനോട് തൊട്ടുകിടക്കുന്ന ലു

ണ്ടാസി പ്രവിശ്യയിലെ ഒരു ഗ്രാമം ഒന്നടങ്കം ഇസ്‌ലാമിലേക്ക് വരികയുണ്ടായി. ഇവരിലെ ചെറുപ്പക്കാർക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകിയ ശേഷം സുഊദി അറേബ്യയിലുള്ള മതപഠന കേന്ദ്രങ്ങളിൽ ഉപരിപഠനം നടത്താൻ അയച്ചത് നല്ല ഫലം പ്രദാനം ചെയ്യുകയുണ്ടായി. പഠനം കഴിഞ്ഞ് തിരിച്ചെത്തിയ അവർ ഇസ്‌ലാമിക പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്നു.

### ഒരു അബദ്ധം

പ്രബോധന വേളകളിൽ യാദൃഛികമായി അബദ്ധങ്ങൾ ചിലർക്ക് സംഭവിക്കാറുണ്ട്. അത്തരമൊരു അബദ്ധം എനിക്കും സംഭവിച്ചു.

ലുസാക്കയിൽനിന്നു തെക്കുമാറി ഒരു കുഗ്രാമത്തിൽ താമസിക്കുന്ന ഏതാനും മുസ്‌ലിം സഹോദരങ്ങൾ ഒരു വെള്ളിയാഴ്ച ജുമുഅ ഖുത്വ്ബ നിർവഹിക്കാൻ എന്നെ വിളിച്ചു. അവരുടെ ക്ഷണം സ്വീകരിച്ചു ഗ്രാമത്തിലേക്ക് പുറപ്പെട്ടു. ചെങ്കൽ കുന്നുകളും ഇടതൂർന്ന കുറ്റിക്കാടുകളും താണ്ടി അവിടെ എത്തിയപ്പോൾ സമയം പതിനൊന്നര മണിയായിരുന്നു.

ഗ്രാമത്തിലെ ആബാലവൃദ്ധം ജനങ്ങൾ പള്ളിയിൽ തടിച്ചുകൂടിയിരുന്നു. ഒരാഘോഷം പോലെ നാടോടിപ്പാട്ടുകൾ ചൊല്ലി അവരെന്നെ എതിരേറ്റു. പ്രത്യേക വാദ്യങ്ങളും കെട്ടിപ്പിടിക്കലും ഒക്കെ ഊഷ്മളമായി നടന്നു. ജുമുഅ സമയമായപ്പോൾ പ്രത്യേകം സംവിധാനിച്ച ചുവന്ന വിരിപ്പിലൂടെ മുഅദ്ദിനും മഹല്ല് നേതാവും എന്നെ മിമ്പറിന്റെ അടുത്തേക്ക് ആനയിച്ചു. അറബിയിൽ എന്റെ പ്രസംഗം ആരംഭിച്ചതേയുള്ളൂ. അവരുടെ മുഖങ്ങളിലെ പ്രസന്നഭാവം മങ്ങിത്തുടങ്ങി. മാത്രമല്ല, ചിലരുടെ മുഖത്ത് കോപവും നീരസവും പ്രകടമായി. ചിലർ എഴുന്നേറ്റ് പുറത്തേക്ക് പോയി. അസ്വാഭാവികത തോന്നിയെങ്കിലും ഞാൻ ഖുത്വ്ബ തുടർന്നു. നിർഭാഗ്യകരമെന്നു പറയട്ടെ, ഖുത്വ്ബ കഴിഞ്ഞ് നമസ്കാരത്തിന്റെ സമയമായപ്പോഴേക്കും പള്ളിയിലുണ്ടായിരുന്നവരിൽ പകുതിയിലധികമാളുകളും സ്ഥലം വിട്ടിരുന്നു.

നമസ്കാരം കഴിഞ്ഞ ശേഷം എന്റെ കൂടെ പോന്നിരുന്ന ദ്വിഭാഷിയായ മൂസാ സുലുവോട് ഞാൻ തിരക്കി: "പകുതിയിലധികമാളുകളും പിരിഞ്ഞുപോകാൻ കാരണമെന്താണ്?" അയാൾ ചെവിയിൽ പറഞ്ഞു: "അവരുടെ കാഴ്ചപ്പാടിൽ താങ്കൾ ഒരു മഹാപാതകം ചെയ്തിരിക്കുന്നു.

**നീണ്ടുതടിച്ച ഒരു ചവോക്ക് മരം. തല കടത്താൻ പാകത്തിൽ ദ്വാരം തുളച്ച് ഓരോ തുളയിലും ആഫ്രിക്കക്കാരുടെ തലകൾ പ്രവേശിപ്പിച്ചിരിക്കുന്നു. ഏതാണ്ട് നാൽപതോളം ആഫ്രിക്കക്കാർ ആ നീണ്ട മരം ചുമലിലേറ്റി വനാന്തരങ്ങൾ താണ്ടി കപ്പൽ തുറമുഖമായ സഞ്ചിബാറിലേക്ക് പോകുന്ന ചിത്രം. 'ഈ വിധത്തിലാണ് അറബ് മുസ്‌ലിംകൾ ആഫ്രിക്കക്കാരെ അവരുടെ നാടുകളിലേക്ക് കടത്തിക്കൊണ്ടുപോയത്' എന്ന അടിക്കുറിപ്പും.**

മുമ്പെങ്ങോ എഴുതിവെച്ച ഒരു ഗ്രന്ഥം നോക്കിവായിക്കുന്ന രീതിയാണ് ഖുത്വ്ബയിൽ ഇവിടെ നടന്നു വരാറുള്ളത്. ആ ചിട്ട താങ്കൾ തെറ്റിച്ചതാണ് കാരണം."

ഞാൻ ചെയ്തത് ശരിയായാലും തെറ്റായാലും ഈ സംഭവം കാരണം ഒരു ഗ്രാമം മുഴുവൻ എന്നിൽ നിന്നകന്നത് വളരെ പ്രയാസമുണ്ടാക്കി. ഒരു പ്രബോധകനെന്ന നിലയിൽ അവരുടെ ആചാര സമ്പ്രദായങ്ങളും മനഃശാസ്ത്രവും ആദ്യമേ പഠിക്കേണ്ടതായിരുന്നു. അത് ശ്രദ്ധിച്ചിരുന്നെങ്കിൽ ഇങ്ങനെയൊരു ദുരന്തം സംഭവിക്കില്ലായിരുന്നു.

### ക്രൂര മുഹമ്മദർ!

സാമ്പിയയിലായിരിക്കുമ്പോൾ അയൽ രാജ്യമായ മലാവി റിപ്പബ്ലിക്കിൽ സന്ദർശനം നടത്താൻ അവസരമുണ്ടായി. തലസ്ഥാന നഗരിയിലെ ഒരു സർക്കാർ സ്കൂളിൽ യാദൃഛികമായി എത്തി. അവിടെ പഠിപ്പിച്ചുകൊണ്ടിരുന്ന മൂന്നാം ക്ലാസിലെ ചരിത്ര പുസ്തകം ശ്രദ്ധയിൽപെട്ടു. 'ക്രൂര മുഹമ്മദർ' എന്ന തലക്കെട്ടിൽ കൊടുത്ത പാഠത്തിനൊടുവിലുള്ള ചിത്രം ഞെട്ടിച്ചു കളഞ്ഞു.

നീണ്ടുതടിച്ച ഒരു ചവോക്ക് മരം. തല കടത്താൻ പാകത്തിൽ ദ്വാരം തുളച്ച് ഓരോ തുളയിലും ആഫ്രിക്കക്കാരുടെ തലകൾ പ്രവേശിപ്പിച്ചിരിക്കുന്നു. ഏതാണ്ട് നാൽപതോളം ആഫ്രിക്കക്കാർ ആ നീണ്ട മരം ചുമലിലേറ്റി വനാന്തരങ്ങൾ താണ്ടി കപ്പൽ തുറമുഖമായ സഞ്ചിബാറിലേക്ക് പോകുന്ന അതിസാഹസികമായ ചിത്രമാണത്. 'ഈ വിധത്തിലാണ് അറബ് മുസ്‌ലിംകൾ ആഫ്രിക്കക്കാരെ അവരുടെ നാടുകളിലേക്ക് കടത്തിക്കൊണ്ടുപോയത്' എന്ന അടിക്കുറിപ്പും.

അവിടത്തെ ചരിത്ര അധ്യാപകനോട് ചോദിച്ചു: "നാനൂറിൽപരം വർഷങ്ങൾക്കുമുമ്പ് അമേരിക്കയും ചില യൂറോപ്യൻ രാജ്യങ്ങളുമാണ് ഈ വിധം ആഫ്രിക്കക്കാരെ അവരുടെ നാടുകളിലേക്ക് കടത്തിക്കൊണ്ട് പോയത് എന്നാണല്ലോ ശരിയായ ചരിത്രരേഖകൾ?"

"ആയിരിക്കാം. പക്ഷേ, ഇവിടെ ക്രിസ്ത്യൻ മിഷനറികൾ പറയുന്നതേ ഞങ്ങൾക്ക് പഠിപ്പിക്കാനാവുകയുള്ളൂ" - അദ്ദേഹത്തിന്റെ മറുപടി.

കെനിയയിലുണ്ടായ ഒരു സംഭവം സുഹൃത്ത് വിവരിക്കുകയുണ്ടായി. അവിടെ ചില മുസ്‌ലിം കുട്ടികൾ ക്രിസ്തുമതത്തിൽ ചേർന്നു. മിഷനറിക്കാർ അവർക്കുവേണ്ടി നിർമിച്ച ഓർഫനേജിൽ ചേർത്തു പഠിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. അടുത്ത പള്ളിയിൽനിന്ന് ബാങ്കു കേട്ട ഉടനെ ആ കുട്ടികൾ ഒന്നായി പള്ളിയിലേക്കോടി. മിഷനറി പ്രവർത്തനങ്ങൾ ആഫ്രിക്കയിലുടനീളം സജീവമായി നടക്കുന്നുണ്ട് എന്നതിന്റെയും അതിന്റെ രീതികളുടെയും ചെറിയ ചില ഉദാഹരണങ്ങളാണിവ.

### മടക്കം

ഹൃദ്യവും അനുഭവ സമ്പന്നവുമായ ഏഴുവർഷത്തെ സാമ്പിയൻ ജീവിതത്തിനുശേഷം മനസ്സില്ലാ മനസ്സോടെയാണ് ആരോഗ്യപരമായ കാരണങ്ങളാൽ ആ രാജ്യത്തോട് വിടപറയേണ്ടി വന്നത്.

ജീവനും സ്വത്തിനും സംരക്ഷണം കിട്ടാത്ത ഒരവസ്ഥയും അവിടെ നിലനിൽക്കുന്നുണ്ടായിരുന്നു. ഏത് നിമിഷവും സാമൂഹിക വിരുദ്ധരാൽ കൊള്ളയടിക്കപ്പെട്ടേക്കാം. ഒരു സ്ഥലത്ത് താമസിക്കാനിടയായപ്പോൾ സുഹൃത്തുക്കൾ എന്റെ കൈവശം അക്രമികളെ നേരിടാൻ തോക്കും നൽകിയിരുന്നു.

അങ്ങനെ 1979 ജൂണിൽ സാമ്പിയയിൽനിന്ന് മടങ്ങി. റാബിത്വയുടെ മക്കയിലുള്ള ഓഫീസിലെത്തി. സാമ്പിയ വിടുന്നതിനുള്ള അനുവാദം റാബിത്വയുടെ ജനറൽ സെക്രട്ടറിയിൽനിന്ന് വാങ്ങലായിരുന്നു ഉദ്ദേശ്യം. അവിടെ എത്തിയപ്പോൾ ഒരു കോൺഫറൻസിൽ പങ്കെടുക്കാനെത്തിയ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി അമീർ മൗലാനാ മുഹമ്മദ് യൂസുഫ് സാഹിബ് ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ കൂടി സഹായത്തോടെ സാമ്പിയ വിടാനുള്ള തീരുമാനം റാബിത്വ അംഗീകരിച്ചു. ■

(തുടരും)